പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2038 13/06/2019-ൽ മറുപടിക്ക്

## ക്യാൻസർ രോഗികളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്<br>,, വി.എസ്.ശിവകുമാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അൻവർ സാദത്ത്** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) | കേരളത്തിലെ സർക്കാർ കാൻസർ ചികിത്സ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്ക് അനുസരിച്ച് രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ ജീവിതശൈലിയിൽ നിന്നും കാതലായ മാറ്റവും പാരിസ്ഥിതികമായ വ്യതിയാനങ്ങളും കാൻസർ രോഗത്തിന് കാരണമായേക്കാമെന്ന പഠന റിപ്പോർട്ടുകൾ നിലവിലുണ്ട്. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച സുകൃതം പദ്ധതി പ്രകാരം നൽകുന്ന ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണ്; നിലവിൽ ഏതൊക്കെ ആശുപത്രികളിൽ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്; | ബി) | സുകൃതം പദ്ധതി പ്രകാരം ദാരിദ്ര രേഖക്ക് താഴെയുള്ള കാൻസർ രോഗികൾക്ക് ധനസഹായം നൽകിവരുന്നു. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ ആശുപത്രികളിലൂടെയാണ് സുകൃതം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. |
| സി) | പദ്ധതി പ്രകാരം തിരുവനന്തപുരം റീജ്യണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവയ്ക്ക് അനുവദിക്കുന്ന ഫണ്ട് | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

| | | | |
|---|---|---|---|
| | അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; | | |
| ഡി) | മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനവും 18 വയസ്സിന് മുകളിലും ഉള്ളവരുടെ ക്യാൻസർ ചികിത്സയ്ക്ക് ഏതെങ്കിലും ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും കാൻസർ ചികിത്സയ്ക്ക് , 3 ലക്ഷം വരെ വാർഷിക വരുമാനം ഉള്ളവർക്ക് പ്രായപരിധി ഇല്ലാതെ 2 ലക്ഷം രൂപ വരെ കാൻസർ ചികിത്സക്ക് നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 5 ലക്ഷം രൂപ വരെ ചികിത്സാ സഹായം നൽകുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ